# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് - സർവ്വേ നമ്പർ 212/5-ൽപ്പെട്ട 3 സെന്റ് സ്ഥലം കടുംബശ്രീ യൂണിറ്റിന് ചെറുകിട വ്യവസായ സംരംഭം തുടങ്ങുന്നതിന് നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ) 3067/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 19, 2009.**

---

പരാമർശം: 1. തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 15-10-2009-ലെ V (3)-ാം നമ്പർ തീരുമാനം.

2. തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24-10-2009-ലെ കത്ത്/

## <u>ഉത്തരവ്</u>

തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് 2009-10 വർഷം ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി കുടുബശ്രീ യൂണിറ്റിനുവേണ്ടി പഴം, പച്ചക്കറി കൃഷി ചെയ്യുന്നതിന് വാങ്ങിയിട്ടുള്ള സ്ഥലത്തിൽ നിന്ന് 3 സെന്റ് കുടുംബശ്രീക്ക് ചെറുകിട വ്യവസായ സംരംഭം തുടങ്ങുന്നതിന് ഉപയോഗിക്കുന്നതിന് അനുമതിയ്ക്കായി സർക്കാരിനോട് അഭ്യർത്ഥിക്കാൻ പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും പരാമർശം (2)-ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് കുടുബശ്രീ യൂണിറ്റിനുവേണ്ടി പഴം, പച്ചക്കറി കൃഷി ചെയ്യുന്നതിന് ജനകീയാസൂത്രണത്തിൽപ്പെടുത്തി വാങ്ങിയിരുന്ന തേങ്കുറിശ്ശി വില്ലേജിൽ സർവ്വേ നമ്പർ 212/5-ൽപ്പെട്ട 0.4047 ഹെക്ടർ സ്ഥലത്ത് നിന്നും 3 സെന്റ് സ്ഥലം ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് കുടുബശ്രീ യൂണിറ്റിന് ചെറുകിട വ്യവസായ സംരംഭം തുടങ്ങുന്നതിന്, ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന ഏത് സമയത്തും ഒഴിഞ്ഞു തരണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി/പ്രസിഡന്റ്, തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത്, പാലക്കാട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.